ശ്രീ. ഗാസ്റ്റർ ഡി. സിൽവാ: ഇവിടെ ഉണ്ടായിരുന്ന ടയർ ഫാക്ടറി മദ്രാശിയിലേയ്ക്കു പോയോ?

ശ്രീ പി. കെ. കുഞ്ഞൻകുട്ടി മേനോൻ: അതു് ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

അടിസ്ഥാനവിദ്യാഭ്യാസം

*൨൪൭. (൨൯) ‡ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഗവൺമെൻറിൽനിന്നും അടിസ്ഥാനവിദ്യാഭ്യാസപരിശീലനകേന്ദ്രം നടത്തുന്നുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി): ചെയ്തു് എന്ന സ്ഥലത്തു് ഗവൺമെൻറിൽനിന്നും അടിസ്ഥാനവിദ്യാഭ്യാസപരിശീലനകേന്ദ്രം നടത്തുന്നുണ്ടു്.

ഒരു വനിതാമെമ്പർക്കു കോട്ടയം ടി. ബി. യിൽവച്ചുണ്ടായ ജീവാപായശങ്ക

*൨൪൮. (൩൦) ‡ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു വനിതാമെമ്പർക്കു ഈ അടുത്ത കാലത്തു കോട്ടയം ടി. ബി. യിൽ വെച്ചു് ജീവാപായശങ്കയുണ്ടായതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതുസംബന്ധിച്ചു് ഗവൺമെൻറ് എന്തെല്ലാം നടപടികൾ നടത്തി എന്നും കുറക്കാരെ പിടികിട്ടിയോ എന്നും പറയുവാൻ ദയവുണ്ടാകുമോ?

(സി) കുറക്കാർ ആരെല്ലാമാണെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) ഇതു സംബന്ധിച്ചു് കോട്ടയം പോലീസ് സ്റ്റേഷനിൽനിന്നും ഫൻ ൫ ഫ-ലെ ഫ ൦ ൪-൦നമ്പരായി ഒരു കേസ്സു് രജിസ്റ്റർചെയ്തു വേണ്ട അന്വേഷണം നടത്തിവരികയാണു്. കുറ്റവാളികളായി ആരേയും ഇതേവരെ പിടിച്ചിട്ടില്ല.

(സി) അന്വേഷണത്തിൽ ഇരിക്കുന്ന ഈ കേസ്സിനെ സംബന്ധിച്ചു് കൂടുതൽ സംഗതികൾ വെളിപ്പെടുത്തുന്നതു് പൊതുതാല്പര്യത്തിനു് ഹാനികരമായതിനാൽ ഈ ഭാഗത്തിനു് ഉത്തരം പറയുവാൻ നിവൃത്തിയില്ല.

Sri. N. Daniel Jose: May I know who is this 'Vanitha'? (No answer.)

Sahib Bahadur Abdul Razaak: May I know the date on which this scuffle took place? May I know what exactly happened?

Sri. C. Kesavan: There was an allegation that some one had tried to tamper with the window of the room in which the lady was sleeping.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഏതു സെക്ഷനനുസരിച്ചാണു് കേസെടുത്തതു്?

‡Put by Sri. R. K. Ram, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: കേസ്സ് ഏതു സെക്ഷൻപ്രകാരമാണെന്നുള്ളതു് ഇതിൽ കാണുന്നില്ല. അനേഷിച്ചു പറയാം.

Sri. D. Gnanasigamoni: May I know the date of this incident?

Sri. C. Kesavan: The complaint was received on the 19th May 1951.

ശ്രീ. കെ. എ. മാത്യു: ഈ കംപ്ലെയിൻറ ആ മെംബറിൽനിന്നാണോ കിട്ടിയതു്?

ശ്രീ. സി. കേശവൻ: അതെ.

കാറിൽ കയ്യേറ്റം

*൨൯൯. (൯൭)‡ ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഒരു മുൻമന്ത്രിയായിരുന്ന മി. എൻ. കുഞ്ഞിരാമന്റെ കാറിൽ കയ്യേറ്റം നടത്തിയതു സംബന്ധിച്ചുള്ള നടപടികൾ എങ്ങനെയിരിക്കുന്നു;

(ബി) അതിലെ പ്രതികളെ പിടികിട്ടിയിട്ടുണ്ടോ; പ്രതികൾ ആരാണെന്നറിഞ്ഞിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഈ സംഭവം കോട്ടയം സ്റ്റേഷനിലെ ൧൪൭/൨൯൰ാം നമ്പരായി റജിസ്റ്റർ ചെയ്തിട്ടുള്ളതും, വക്കല സ്റ്റേഷനിലെ ൨൩/൪൦-ാംനമ്പറായി റജിസ്റ്റർ ചെയ്തിട്ടുള്ളതും ആയ കേസ്സുകളെ ഒന്നിച്ചാക്കിയിട്ടുള്ളതാണു്. കോട്ടയം സ്റ്റേഷനിലെ ൧൪൭/൨൯൰-ാം നമ്പർ കേസ്സ് പിൻവലിക്കുന്നതിനു് അനുവാദം നൽകി. എന്നാൽ വക്കല സ്റ്റേഷനിലെ ൨൩/൪൦-ാം നമ്പർ കേസ്സ് ഇപ്പോൾ നടപടിയിൽ ഇരിക്കുകയാണു്.

(ബി) ൧൪൭/൨൯൰ാം നമ്പർ കേസ്സിൽ ആകെ അഞ്ചു പ്രതികൾ മാത്രമേയുള്ളൂ. അവർ കോടതി മുമ്പാകെ ഹാജരായി ജാമ്യം വാങ്ങിയിട്ടുണ്ടായിരുന്നു. എന്നാൽ ൨൩/൪൦-ാംനമ്പർ കേസ്സിൽ ആകെ ൨൦ പ്രതികൾ ഉള്ളതിൽ ൧൫ പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടു്. ബാക്കി ൫ പേർ ഒളിവിലാണു്. അവരുടെ പേരും മറ്റു വിവരങ്ങളും അറിയാവുന്നതാണു്.

തിരുവിതാംകൂർ–കൊച്ചി എ. സ്റ്റോറുകളോടൊപ്പം പരിഗണിക്കുന്നതിനു നിവേദനം

*൨൫൦. (൯൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസത്തിലും പൗരബോധത്തിലും പരിഷ്കൃതജീവിതത്തിലും വളരെ പുരോഗമിച്ചിട്ടുള്ള തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിനെ എ. സ്റ്റേറ്റുകളോടൊപ്പം പരിഗണിച്ചു പെരുമാറണമെന്നു തിരുവിതാംകൂർ–കൊച്ചി ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ അടുക്കൽ വല്ല നിവേദനവും നടത്തിയിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ–കൊച്ചിയെപ്പോലുള്ള സ്റ്റേറ്റുകളെ എ. സ്റ്റേറ്റുകളോടൊപ്പം പരിഗണിച്ചു് പെരുമാറുന്നതാണെന്നു് ബഹുമാനപ്പെട്ട സർദാർ പട്ടേൽ വല്ല ഉറപ്പും നൽകിയിട്ടുണ്ടായിരുന്നോ;

‡*Put by Sri. R. K. Ram, with the permission of the Chair.*

LIBRARY ARCHIVES Kerala Legislative Assembly